# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1443** **04.02.2019-ൽ മറുപടിയ്ക്ക്**

## പന്നിവേലിച്ചിറ ഫാമിലെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ആറന്മുള നിയോജകമണ്ഡലത്തിലെ പന്നിവേലിച്ചിറ ഫാമിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | എ) കാർപ്പ് മത്സ്യകുഞ്ഞുങ്ങളുടെ പ്രേരിത പ്രജനനവും മത്സ്യകുഞ്ഞുങ്ങളുടെ പരിപാലനവും വിതരണവും, ഗിഫ്റ്റ് മത്സ്യകുഞ്ഞുങ്ങളുടെ പരിപാലനവും വിതരണവും, മത്സ്യകർഷകർക്കും, ഡിപ്പാർട്ട്മെന്റ് സ്റ്റാഫുകൾക്കും, വിദ്യാർത്ഥികൾക്കുമുള്ള ട്രെയിനിംഗ് നടത്തൽ, എക്സിബിഷനുകളിലും, അക്വാഷോകളിലും പങ്കെടുക്കൽ, മത്സ്യ കർഷക വികസന ഏജൻസി, ആത്മ, ജനകീയമത്സ്യ കൃഷി എന്നിവ നടത്തുന്ന എക്സ്റ്റൻഷൻ പ്രവർത്തികൾ നടത്തൽ എന്നിവയാണ് പന്നിവേലിച്ചിറ ഫാമിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ. |
| ബി) പ്രസ്തുത ഫാമിൽ ഏതെല്ലാം ഇനത്തിലുള്ള മത്സ്യങ്ങൾ കൃഷി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; | ബി) കട്ല, രോഹു, മൃഗാൽ, സൈപ്രിനസ്, ഗിഫ്റ്റ് തിലാപ്പിയ എന്നീ മത്സ്യങ്ങളാണ് പ്രസ്തുത ഫാമിൽ മുഖ്യമായും കൃഷി ചെയ്യുന്നത്. |
| സി) ഫാമിന്റെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫാമിലെ മത്സ്യ വിത്തുൽപാദന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആകെ 47.60 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഗിഫ്റ്റ് ഹാച്ചറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന തീരദേശ കോർപ്പറേഷൻ മുഖേന 117.17 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |

Sheeba

**സെക്ഷൻ ഓഫീസർ**